

# സാന്തോം

## സെന്റ് തോമസ് ഹൈസ്കൂൾ, മരങ്ങാട്ടുപിള്ളി

**DIGITAL MAGAZINE**

# ആശംസ

കുട്ടികളിൽ ഐ.ടി വാസന വളർത്തുവാൻ കൈറ്റ് ആരംഭിച്ചിട്ടുള്ള ലിറ്റിൽ കൈറ്റ്സ് വളരെ സഹായിക്കുന്നു. ഡിജിറ്റൽ സാങ്കേതിക വിദ്യ കൂടുതൽ പരിപോഷിപ്പിക്കുവാൻ ഈ മാസികയുടെ നിർമ്മാണത്തിലൂടെ കുട്ടികൾക്ക് സാധിക്കും. അഭിനന്ദനങ്ങൾ.



ആനിയമ്മ മാത്യു

പ്രധാനാധ്യാപിക

# LITTLE KITEs TEAM



## STUDENT EDITORS

**Arun Reji Kurian, Albin Joy, Jerrin Biju, Deon sabu,**

**Athul .K Baiju, Blessin Lukose, Anjali Biju**

**Kite Master : James E.J**
**Kite Mistress: Sr. Saly Jacob**



## ഉള്ളടക്കം


കടലിന്റെ കൂട്ടുകാരൻ.....5

യാത്ര.....6

കർണ്ണാ... നീ പിറക്കരുതേ.....7

ധനികൻ ആര് ?.....9

വിശ്വാസം മനുഷ്യന് ദീപം.....10

പിന്നിലേക്കൊഴുകുന്ന നദി.....11

മഴ നനഞ്ഞ കുട്ടി.....12


മഹാത്മാഗാന്ധി.....13

സ്നേഹത്തിന്റെ താരാട്ട്.....14

ഒരിറ്റു ജലത്തിനായി.....15

ഓർമ്മപ്പെടുത്ത്.....17

At the end of a great wonder.....18



ADHITHYA LENIN


VII A

# കടലിന്റെ കൂട്ടുകാരൻ

നാട്ടുവാഴുന്ന തമ്പുരാന്റെ ഉറ്റചങ്ങാതിയാണ് ധീരസേനൻ. ഒരു ദിവസം ധീരസേനൻ കാട്ടിൽ വേട്ടയ്ക്ക് ഇറങ്ങിയ വഴിയിൽ അദ്ദേഹം ഒരു വൃദ്ധനെ കണ്ടു. സുഹൃത്തേ എന്നെ കൂടി അങ്ങയുടെ തേരിൽ കയറ്റാമോ. ഹ...ഹ... ഇത് നാട്ടു വാഴുന്ന തമ്പുരാൻ കയറുന്ന തേരാണ്. ഇതിൽ മറ്റാരും കയറുന്നത് എനിക്ക് ഇഷ്ടമല്ല. ധീരസേനൻ അഹങ്കാരത്തോടെ പറഞ്ഞു. ഇതു കേട്ട് വൃദ്ധൻ പറഞ്ഞു അങ്ങേയ്ക്ക് തമ്പുരാന്റെ കൂട്ടുകാരൻ ആണെന്നുള്ള അഹംഭാവമുണ്ട്. പക്ഷെ വലിയവരുമായുള്ള കൂട്ടുകെട്ട് കടലിലെ യാത്ര പോലെയാണെന്ന് ഓർത്തോളൂ. ധീരസേനന് വൃദ്ധൻ പറഞ്ഞതിൻറെ അർത്ഥം മനസ്സിലായില്ല. കുറെ നാൾ കഴിഞ്ഞു എന്തോ നിസാര കാര്യത്തിന് തമ്പുരാൻ ധീരസേനനുമായി പിണങ്ങി.

കൊട്ടാരത്തിൽ നിന്നും മാത്രമല്ല നാട്ടിൽ നിന്നു തന്നെ ധീരസേനൻ പുറത്തായി. ദുഃഖിതനായ ധീരസേനൻ കാട്ടിലൂടെ നടക്കുകയായിരുന്നു. അപ്പോഴതാ ആ വൃദ്ധൻ വീണ്ടും മുന്നിലെത്തി. അങ്ങ് അന്ന് പറഞ്ഞതിന്റെ അർത്ഥം എന്താണെന്ന് ധീരസേനൻ വൃദ്ധനോട് ചോദിച്ചു. വൃദ്ധൻ പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു. കടലിൽ പോകുന്നവന് കടൽ ശാന്തമാണെങ്കിൽ മത്സ്യങ്ങളും മുത്തുകളുമായി തിരിച്ചു പോരാം. എന്നാൽ, കടൽ ക്ഷോഭത്തിലാണെങ്കിൽ തിരമാലകളിൽപ്പെട്ട് മുങ്ങി പോകും.

ഇതുപോലെയാണ് വലിയവരുമായുള്ള കൂട്ടുകെട്ടും. ചിലപ്പോൾ പൊന്നും സമ്മാനങ്ങളും തരും. മറ്റ് ചിലപ്പോൾ അപ്രീതിയും. മുൻകൂട്ടി ഒന്നും പറയാനാകില്ല.



ASHIN ANIL
X B

# യാത്ര

ഉച്ചവെയിലിന്റെ ചുട്ടുപൊള്ളുന്ന ചൂടിൽ ശാന്തമായൊരങ്ങാടിയിലെ മൺപാതയിലൂടെ നാലുപേർ ഒരുതോൾ കട്ടിലിൽ മെലിഞ്ഞ് കറുത്ത ശരീരം വഹിച്ചു കൊണ്ടു മുന്നേറുന്നു. അതിന്റെ മുകളിൽ മറകളില്ല. ഒരു വെള്ളത്തുണിമാത്രം. ആ മനുഷ്യനെ പുതപ്പിച്ചിരിക്കുന്നു. ആ അന്ത്യയാത്രയിലെ സഹയാത്രികനായ വിരിപ്പിൽ പോലും അയാളുടെ ഇല്ലായ്മ മറകളില്ലാതെ പ്രകാശിച്ചു കൊണ്ടിരുന്നു.

ഒരു ചെറിയ നേർത്ത കാറ്റിന്റെ മർമ്മരം മാത്രം അയാളുടെ കൂടെ ആ അങ്ങാടിയിൽ ചുറ്റിത്തിരിഞ്ഞു കൊണ്ടിരുന്നു. ആരുടെയും ശ്രദ്ധ ആകർഷിക്കാതെ വന്ന മൃതദേഹം പതിയെ പതിയെ ഓരോരുത്തരുടെയും ശ്രദ്ധ ആകർഷിച്ചു. എങ്ങും നിശബ്ദത തങ്ങി നിൽക്കുന്നു. പ്രകൃതി പോലും ആ യാത്രയെ ചെറുശബ്ദങ്ങൾ കൊണ്ടു പോലും അലോസരപ്പെടുത്തിയില്ല. ആ നിശബ്ദതയെ തട്ടി നീക്കി കൊണ്ട് ഒരു കാളവണ്ടി അതിലെ കടന്നു പോയി. അതിന്റെ ചക്രങ്ങളും പൊടിമണലും തമ്മിലുള്ള സംഘർഷത്തിന്റെ ശബ്ദം മാത്രം അവിടെയെങ്ങും പ്രതിധ്വനിച്ചു. മൃതദേഹം അങ്ങാടിയിലൂടെ നീങ്ങി കൊണ്ടിരിക്കുന്നു. ഓരോരുത്തരായി പീടികകളിൽ നിന്നുമിറങ്ങി ആ യാത്രയിൽ പങ്കാളികളായി.

ശ്മശാനഭൂമിയുടെ വാതിൽക്കലെത്തിയിരിക്കുന്നു. അയാളുടെ സഹയാത്രികനായ കാറ്റിനു മാത്രം ഒരു കുറ്റബോധം തോന്നിയതു കൊണ്ടാകാം കാൽ മുതൽ അയാളെ മൂടിയ പുതപ്പിന്റെ മുകൾ ഭാഗം മാത്രം മാറ്റിയത്. കാരണം, ജീവിതത്തിന്റെ മുക്കാൽ ഭാഗവും ആ ശ്മശാനത്തിലേയ്ക്ക് അന്തേവാസികളായി വരുന്ന മൃതദേഹങ്ങൾക്ക് കിടപ്പാടം ഒരുക്കി കൊടുത്ത അയാൾക്ക് അവരുടെ കൂടെ ശിഷ്ടകാലം കഴിയുവാനുള്ള യോഗ്യത ഇല്ലായിരുന്നു. അതിനുള്ളതു പോലും അവരിൽ നിന്ന് സമ്പാദിക്കാൻ അയാൾക്കായില്ല.പകരം,സർക്കാർ വക ചുടുകാട്ടിലേയ്ക്കാണ് അയാൾ പോകുന്നത്. അവിടെ കിടന്ന് എരിഞ്ഞ് വെണ്ണീറാകുന്നതിനു മുൻപ് ഒരിക്കൽ കൂടി തന്റെ സ്വപ്നഭൂമിയിലേയ്ക്ക് അയാൾ ഒന്നു കണ്ണോടിച്ചോട്ടെയെന്ന് ആ കാറ്റ് ചിന്തിച്ചിട്ടുണ്ടാകാം.

അയാളുടെ സുദീർഘമായ അധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും നഷ്ടങ്ങളുടെയുമെല്ലാം ഓർമ്മകൾ എരിഞ്ഞടങ്ങുകയാണാ ചുടുകാട്ടിൽ.

* * *



ATHIRA MANI
X A

# കർണ്ണാ... നീ പിറക്കരുതേ...

കവിൾ തേടിയെത്തിയ നനവിനെ തുടച്ചു കൊണ്ട് മൃദുലമായ ഒരു കരസ്പർശം. ബാല്യത്തിൽ നൽകാനാവാത്ത മാതൃവാൽസല്യം വിറയലോടെ അവിടെ പരതി നടന്നു. കാനീനനായതിനാൽ ഒരു ജന്മം മുഴുവൻ പരിഹാസ ചുഴികളിൽപ്പെട്ട സൂതനായി വളർന്നു വന്നവനാണു ഞാൻ. മാതാവിന്റെ ഹൃദയനൊമ്പരം ഞാൻ മനസ്സിലാക്കുന്നു. എന്നാൽ, സർവ്വവുമറിയുന്ന ഭഗവാൻ ഈ മഹാഭാരത യുദ്ധം വരെ കാത്തിരിക്കണമായിരുന്നുവോ?. യുദ്ധത്തിൽ അനുജന്മാരോടേറ്റുമുട്ടി ചോരചീന്താതിരിക്കാനാവും. എന്നാൽ... ദയനീയമായ ഒരു സ്വരം സ്വപ്നങ്ങളിൽ നിന്നും അവനെ ഉണർത്തി.പുത്രന്മാരാറുപേരും പരസ്പരം പടവെട്ടി മരിച്ചു വീഴുന്നത് കാണാൻ ഒരു മാതൃഹൃദയത്തിന് ശക്തിയുണ്ടാവില്ല. ഒരിക്കലും നിന്റെ ജീവിതം ഇരുട്ടിലാക്കിയ ഈ മഹാപാപിക്ക് നീയും സഹോദരന്മാരുമായുള്ള സഖ്യം ഭിക്ഷയായി നൽകിയാലും കർണ്ണാ... ഇടറുന്ന സ്വരവും പതറാത്ത മനസ്സുമായി ധീരതയോടെ തൻറെ അഞ്ച് സഹോദരൻമാരുടെ ജീവൻ അവൻ ദാനമായി നൽകി. കൂടാതെ അവസാനശ്വാസം വരെ തന്റെ മിത്രത്തെ വഞ്ചിക്കയില്ലെന്ന് പിതാവായ
സൂര്യനെ സാക്ഷിയായി പ്രതിജ്ഞയും ചെയ്തു.

സ്വന്തം മാതാവിന്റെ വാൽസല്യം ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത സാങ്കൽപ്പികമായി തല ചായിച്ചു. പിന്നീട് പാദങ്ങൾ തൊട്ടുവണങ്ങി മനസ്സിൽ കരഞ്ഞു കൊണ്ട് പിന്തിരിഞ്ഞു നോക്കാതെ നോക്കാനാവാതെ അവൻ നടന്നകന്നു. കാലിന്നടിയിലെ പൂഴിമണ്ണ് കൊണ്ടുപോയ കാറ്റിനെ ശപിക്കാതെ തൻറെ മകന്റെ കാ??? പാടുകളി??? വീണ് മാപ്പു ചോദിച്ച് പൊട്ടിക്കരഞ്ഞു.അസ്വസ്ഥയായ ആ വേളയിൽ അവളുടെ ബോധവും മറഞ്ഞു.

ഒരു തലോടലിനു ശേഷം വിരുന്നെത്തിയ മഴ അയാളെ ഉണർത്തി. അയാൾ അത്ഭുതപ്പെട്ടുപോയി. സമയത്തിനെന്താണിത്ര തിരക്ക്?. സുധാമണി... ഒരു കാപ്പിയാവാം. ജനാലയ്ക്കരികെ ചാരുകസേരയിൽ ചാഞ്ഞു കിടന്ന അയാൾക്കരികെ ചൂടുള്ള ഒരു

കാപ്പിയുമായി ഒരു ചോദ്യം. കഥ.? കർണ്ണൻ, കർണ്ണനെക്കുറിച്ച തന്നെയാകാം. എൻറെ പ്രിയകഥാപാത്രം. എന്താ?. നാവിൽ നുണഞ്ഞു കൊണ്ടിരിക്കുന്ന കാപ്പി കണ്ണ നിറച്ചപ്പോൾ അയാൾ നിശ്ചലനായി ചിന്തയിലാണ്ടു. കർണ്ണനെ എല്ലാവർക്കുമറിയാം. കർണ്ണൻമാരുടെ ജന്മത്തെ പറ്റിയാണ് അറിയേണ്ടത്. അങ്ങനെയാവട്ടെ കഥ. ജനങ്ങൾക്ക് ഒരു സന്ദേശമാവുമത്. കർണ്ണൻ ഇനി തിരിച്ചെത്തരുത്. ലോകത്തിന് വർണ്ണം ചാലിക്കേണ്ട കുഞ്ഞുങ്ങൾ,ചേറിലെറിയപ്പെടരുത്. അതെ അതു തന്നെ. ഉന്മേഷവാനായി കാർഡ്ബോർഡും പേനയുമെടുത്ത് തിരക്കഥാ രചനയ്ക്കായിരുന്ന അയാൾക്കരികെ അപ്പോളും പാതി കുടിച്ച ചൂടു വറ്റാത്ത കാപ്പിയും, ജനലിനരികെ വീശിത്തണുപ്പിക്കുന്ന കാറ്റിനൊപ്പം നിർത്താതെ പെയ്യുന്ന മഴയുമുണ്ടായിരുന്നു.

* * *



ANJANA JINS

VIII A



# ധനികൻ ആര് ?

ഒരച്ഛന് മൂന്ന ആൺമക്കളുണ്ടായിരുന്നു. അവർക്ക് പ്രായപൂർത്തിയായപ്പോൾ ആ അച്ഛൻ മൂന്നാൾക്കും ഓരോ സ്വർണ്ണനാണയം കൊടുത്തിട്ടു പറഞ്ഞു. ഇനി നിങ്ങൾ ഇതുകൊണ്ട് ജീവിതമാർഗ്ഗം കാണണം. അമൂല്യമായ അതു കളവ് പോയാലോ എന്ന ഭയന്ന് ഒരാൾ തൊടിയിൽ ഒരിടത്ത് ഭദ്രമായി കുഴിച്ചിട്ടു. കുറച്ചു നാൾ കഴിഞ്ഞപ്പോൾ അത് കുഴിച്ചിട്ട ആൾ ആ സ്ഥലം ശരിയായി ഓർക്കാൻ കഴിയാതെ അതു നഷ്ടപ്പെട്ട് ദുഖിതനായി.

രണ്ടാമൻ ആ നാണയം കയ്യിൽ കിട്ടിയ ഉടൻ തനിക്ക് അന്നേവരെ രുചിക്കാൻ കഴിയാത്ത വിലയേറിയ മധുരപലഹാരം മതിയാവോളം വാങ്ങി കഴിച്ച് യാചകനായി അലഞ്ഞു. അവസാനത്തെ ആൾ ആ പണം കൊണ്ട് ഒരു തുണ്ട് ഭൂമിയും കൃഷിപ്പണിയായുധങ്ങളും വാങ്ങി അധ്വാനിക്കാൻ തുടങ്ങി. കുറച്ച് കാലം കൊണ്ടയാൾ ഒരു ലക്ഷപ്രഭുവായി. പക്ഷെ താൻ ധനികനായി എന്ന കരുതിയ അവനോട് അച്ഛൻ പറഞ്ഞതെന്താണന്നോ?. ഇല്ല, ധനികനാകണം എങ്കിൽ നീ നിൻറെ അറിവില്ലാത്ത സഹോദരങ്ങളെ കൂടെക്കൂട്ടി പണി ചെയ്തു പുലരാൻ അവരെ അനുവദിക്കുക കൂടി വേണം.



AISWARYA ANILKUMAR
X A

# വിശ്വാസം മനുഷ്യന് ദീപം

വിശ്വാസം തുളുമ്പുന്ന നിറദീപമാണ് മതങ്ങൾ. ഈശ്വരനിലേയ്ക്കുള്ള മാർഗ്ഗമാണ് മതങ്ങൾ. വ്യക്തിപരമായ അനുഭവങ്ങളിലൂടെ നമ്മുടെ മനസ്സിലും ഹൃദയത്തിലും ജീവിതത്തിലും നിറയേണ്ടവനാണ് ഈശ്വരൻ. ഈശ്വരനെ കാണാനും ഉൾക്കൊള്ളാനും അവിടുന്നേകുന്നവ അനുഭവിക്കുവാനും ഒന്നാമതായി വേണ്ടത് വിശ്വാസമാണ്.

വിശ്വാസം എന്ന ദീപം ദൈവത്തെ കാണിച്ചു തരുന്നു. കാണപ്പെടാത്തവ ഉണ്ടെന്ന ബോധ്യവും പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പുമാണ് വിശ്വാസം. ഈശ്വരനും മതവും ഒരനുഭവമാകുമ്പോഴാണ് ഈശ്വരസാക്ഷാത്ക്കാരം സംഭവിക്കുന്നത്. ദൈവം ഒന്നു മാത്രമാണ്. എന്നാൽ, വിവിധ മതസ്ഥർ അവിടുത്തെ വിവിധ രൂപത്തിൽ ആരാധിക്കുന്നു. അണയാത്ത കനലാണ് ദൈവവിശ്വാസം. മനുഷ്യൻ ദൈവത്തെ ആരാധിക്കുവാൻ തുടങ്ങിയ കാലം മുതൽക്കേ ദൈവനിഷേധവും കടന്നുവന്നു. 20-ാം നൂറ്റാണ്ടിൽ സോവിയറ്റ് റഷ്യയിലായിരുന്നു ഏറ്റവും ഭീകരമായ ദൈവവിരുദ്ധ കലാപം ഉണ്ടായത്. പരിഹാസങ്ങളും മർദ്ദനങ്ങളും ഈശ്വരവിശ്വാസത്തെ കെടുത്തുകയില്ല. അത് കൂടുതൽ കത്തിജ്വലിക്കുക മാത്രമേയുള്ളൂ. സകലതിനെയും നിയന്ത്രിക്കുന്ന ആ സർവ്വപരാശക്തിയെ നശിപ്പിക്കാൻ ഒരു ശക്തിയ്ക്കുമാവുകയില്ല.

ദൈവാശ്രയമില്ലാതെ നമുക്ക് ജീവിക്കാനാവില്ല. ഇൻറർനെറ്റ് യുഗത്തിൻറെ വിശാലതയിലായിരുന്നാലും ശാസ്ത്രസാങ്കേതികവിദ്യയുടെ ഉയർച്ചയിലായിരുന്നാലും മനുഷ്യൻ നിസ്സഹായനാകുന്ന ഒരവസ്ഥയുണ്ട്. അവിടെ സാന്ത്വനതീരമായും കുളിർ നിലാവായും മേഘത്തണലായും മാർഗ്ഗദീപമായും ലോകൈകനാഥൻ വിരാജിക്കുന്നു. പ്രപഞ്ചത്തെക്കുറിച്ച് പരീക്ഷണങ്ങൾ നടത്തിയ പല ശാസ്ത്രജ്ഞരും ദൈവവിശ്വാസത്തിലേക്കു വളർന്നിട്ടുള്ളതായാണ് ചരിത്രം. അങ്ങനെ ദൈവമാകുന്ന ആ വിശ്വാസപ്രകാശത്തിൽ ലയിച്ചും ജ്വലിച്ചും ജീവിതം നമുക്ക് മനോഹരമാക്കാം.

* * *



ANJU BIJU
VII A

# പിന്നിലേക്കൊഴുകുന്ന നദി

കടലിലേയ്ക്ക് ഒഴുകിയെത്തുന്ന നദി തിരിച്ചൊഴുകുന്ന പ്രതിഭാസത്തെപ്പറ്റി കേൾക്കൂ. ചില നദികൾ ഗതി മാറി നേരെ പിന്നിലേയ്ക്ക് ഒഴുകാറുണ്ട് എന്ന് അറിയാമോ. വളരെ വലിയ നദികളിലെ ഇതു സംഭവിക്കാറുള്ളൂ. കടലിലേയ്ക്ക് ഒഴുകിയെത്തുന്ന നദിയുടെ ഒഴുക്കിനെ വേലിയേറ്റം കവച്ചുവയ്ക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. വേലിയേറ്റ സമയത്ത് കടലിലെ വെള്ളം നദീമുഖത്തേയ്ക്ക് തിരിച്ചു കയറും. വീതി കുറഞ്ഞ നദീമുഖത്തേയ്ക്ക് കടൽ വെള്ളം തിരമാല പോലെ തള്ളിക്കയറും. നദിയുടെ ഒഴുക്കിനെതിരെ. ഇതിനൊരു പേരുണ്ട്,ടൈഡൽ ബോർ. ചിലപ്പോൾ വളരെ ദൂരത്തേയ്ക്ക് ഈ മടക്കയാത്ര ഉണ്ടാകാറുണ്ട്. ടൈഡൽ ബോറിന്റെ ഏറ്റവും നല്ല ഉദാഹരണം തെക്കേ അമേരിക്കയിലെ ആമസോൺ നദിയുടെ തിരിച്ചൊഴുക്കാണ്.

ആമസോൺ നദി സമുദ്രത്തിൽ ചെന്നു ചേരുന്ന സ്ഥലത്തെ ടൈഡൽ ബോറിന് പലപ്പോഴും നാലുമുതൽ അഞ്ചു മീറ്റർ വരെ ഉയരമുണ്ടാകാറുണ്ട്. ഇത്ര വലുതല്ലെങ്കിലും ഇംഗ്ലണ്ടിലെ സെവേൺ നദിയിലും ടൈഡൽ ബോറുകൾ ഉണ്ടാകാറുണ്ട്. ഇതോടൊപ്പം ഓർക്കാവുന്ന ഒരു കാര്യം കൂടി പറയാം. പണ്ടത്തെ സോവിയററ് യൂണിയനിൽ പല നദികളും മനുഷ്യൻ ഗതിമാറ്റി ഒഴുക്കിയിട്ടുണ്ട്. കൃഷിക്കാർക്കാവശ്യമായ ജലത്തിന് വേണ്ടിയായിരുന്നു ഇത്. അറൽ എന്ന കടലിലേയ്ക്ക് ഒഴുകിച്ചെന്നിരുന്ന ചില നദികൾ, ഒരു വൻകിട ജലസേചന പദ്ധതിക്ക് വേണ്ടി വടക്കു ഭാഗത്തേയ്ക്ക് തിരിച്ചു വിട്ടതു തന്നെ ഇതിന് ഉദാഹരണം. നദികൾ ചെന്നു ചേരാതായതോടെ അറൽ കടൽ വറ്റിത്തുടങ്ങി. ഏതാനും ദശകങ്ങൾ കൊണ്ട് അറൽ കടലിൻറെ വലുപ്പം പത്തിലൊന്നായി ചുരുങ്ങി. അതായത് കടൽ ഏതാനും തടാകങ്ങളായി മാറി.

* * *



ANUSREE .S
VII A

# മഴ നനഞ്ഞ കുട്ടി

ഇഴ മുറിയാതെ പെയ്യുന്ന പെരുമഴയിൽ തോട് കവിഞ്ഞു. ഇന്നലെ സന്ധ്യയ്ക്ക് പിടിച്ച മഴക്കൊരു തോർച്ച ഉണ്ടായിട്ടില്ല. ആകെയുള്ള ശീലക്കുടയുമായി അച്ഛൻ എങ്ങോട്ടോ ഇറങ്ങിയതാണ്. പണി കിട്ടിയിരിക്കുമോ?. അതോ ഇന്നലത്തെപ്പോലെ ഇന്നു തിരിച്ച് വരുമോ?.

ചേമ്പില ചൂടിയാണ് അമ്മ പുറത്ത് ഓരോ പണികൾ ചെയ്യുന്നത് ഇന്ന് എങ്ങിനെയാ സ്കൂളിലേയ്ക്ക് പോകാ?. കൂടെ ഉണ്ടാവുന്നവരൊക്കെ നേരത്തെ പോയി അവർക്കൊക്കെ സ്കൂൾ തുറന്നപ്പോൾ പുതിയ കുടയും ബാഗുമൊക്കെ കിട്ടി. എനിക്ക് മാത്രം...

ഓർത്തപ്പോ വ്യസനമടക്കാൻ കഴിയാതെ ദീനു നിന്നു മഴയുടെ പെരുക്കത്തിൽ അവൻറെ കരച്ചിലമർന്നു. മഴയൊന്നടങ്ങിയപ്പോൾ പുസ്തകങ്ങൾ കയ്യിലടക്കി അവൻ പുറത്തേയ്ക്ക് ഇറങ്ങി. ഇടക്കു വെച്ച് മഴ പിന്നെയും മുറുകി. ചാടിയും ഓടിയും നടവഴിയിലെ വെള്ളം തെറുപ്പിച്ച് ദിനു സ്കൂൾ ലക്ഷ്യമാക്കി നീങ്ങി.

ടീച്ചർ ഇന്ന് വഴക്കു പറഞ്ഞതു തന്നെ. നേരം എത്രയാ വൈകിയത്. എല്ലാവരും എത്തിയിട്ടുണ്ടാകും. നനഞ്ഞൊലിച്ച് കയറി ചെല്ലുമ്പോൾ ടീച്ചർ ക്ലാസിൽ കയറ്റുമോ?. അവൻ വെപ്രാളത്തോടെ സ്കൂൾ പടിക്കൽ എത്തി.

മഴ നനഞ്ഞ കുട്ടി മടിച്ചു മടിച്ച് സ്കൂൾമുറ്റത്തെത്തിയപ്പോൾ കണ്ടതോ മഴയത്ത് കുട്ടികൾ ആർത്ത് തിമിർക്കുന്നത് അവർക്കിടയിൽ ടീച്ചറെയും.

* * *



ANITHA GEORGE
VIII A


# മഹാത്മാഗാന്ധി



മുൻവരിപ്പല്ലുപോയ മോണകാട്ടി ചിരിച്ചൊരാൾ
ചമ്രം പടിഞ്ഞിരിക്കുന്ന പടം നീകാണ്മതില്ലയോ
സർവ്വാദരണീയനാം ഗാന്ധിയപ്പൂപ്പനാരിലും
കനിവും കരുതലും ഉള്ള മഹാത്മാവല്ലയോ

പൈതങ്ങളോടൊത്തുല്ലസിപ്പാൻ മടിയില്ലാത്തയാൾ
അന്യർതൻ സങ്കടങ്ങളകറ്റുവാനത്യദ്ധ്വാനം
ചെയ്യുമെൻ രാഷ്ട്രത്തിൻ പിതാവദ്ദേഹം
ധർമ്മ ധ്വജമായുയർന്നു നില്പു ജനകോടിതൻ ഹൃത്തിൽ

കുഞ്ഞു റുബിനു പോലും നോവാതെ ശ്രദ്ധിക്കും
കാരുണ്യക്കലുള്ളിൽ വഹിക്കുമെൻ മഹാത്മാവ്
സത്യാഗ്രഹ സമരം നയിച്ചെൻ മാതൃഭൂമിയെ
സ്വാതന്ത്ര്യത്തിൻ പുലരിയിലേയ്ക്കാനയിച്ച ബാപ്പുജി....



KEVIN THOMAS

X A

# സ്നേഹത്തിന്റെ താരാട്ട്

ഒരു കുഞ്ഞുശ്വാസത്തിൻ നിറവിൽ ഞാനണഞ്ഞി ഭൂമിയിൽ
എൻ അമ്മതൻ കൈക്കുമ്പിളിൽ കിടന്നു കരഞ്ഞീടവേ
അമ്മതൻ സ്നേഹത്തിൻ ഒരു സ്മിതത്താൽ
മാറോടണച്ചെന്നെ ആദ്യമായ് ചുംബിച്ചു

അമ്മതൻ കണ്ണിൽ നിന്നടർന്നൊരാ ചുടുകണ്ണുനീർ
എൻ കുഞ്ഞു മേനിയിൽ പതിച്ചീടവേ
ആ സ്നേഹ വാത്സല്യം ഞാനറഞ്ഞിന്നാദ്യമായ്
ആ മാറിലേറെ നാൾ മയങ്ങുവതിനാശിച്ചു.

അമ്മയെന്നാദ്യമായ് ഞാൻ വിളിച്ച നേരം
കണ്ടു ഞാൻ അമ്മതൻ കണ്ണുകളിലത്ഭുതം
ആദ്യമായ് പിച്ചവെച്ചൊരാ നേരമെൻ
അമ്മയാണെന്നിക്കഖിലമീ ഭൂവിൽ
അമ്മയിലൂടെ ഞാൻ അറിയുന്നു ദൈവത്തെയും





NAYANA JOSHY
IX A

# ഒരിറ്റു ജലത്തിനായി

ഹാ! പച്ച വരിക്കും പാടങ്ങളും
പൊന്നു വിളയിക്കും കർഷകനും
പ്രാണദാഹത്തോടെ കാത്തിരിക്കു-
കയാണൊരുതുള്ളി ജലത്തിനായി
വിടരുന്ന ഭൂമിയെ നോക്കിയിന്ന്

മലർമധുരമാം മന്ദഹാസം പൊഴിച്ചീടുന്നു
ഈ മന്ദമാരുതനും എത്രനാളെത്രയാ-
യിന്ന് എവിടെയോ ഉറ്റു നോക്കുന്നു.
വരളുന്ന മണ്ണിൽ നോക്കു കുത്തിയായി



എരിയുന്ന നെഞ്ചും പേറിയൊരു
നാളിൽ വിങ്ങി വിങ്ങി എവിടേക്കോ
അണഞ്ഞീടുന്നൊരു കർഷകനും

എത്രനാളെത്രനാളായി കാത്തിരി-

ക്കുകയാണൊരു കുളിർ കാറ്റിനായി
ഒരു പുതുമഴ പെയ്തു പുളകം
പൂണ്ട എൻ മണ്ണിനായിന്ന്.

വിടരുന്ന ഭൂമിയെ സ്വപ്നമായി
നെയ്തെടുക്കും കർഷകർ
തന്നുടെ നീറുമീ വേദനകൾ
കാത്തിരിക്കുന്നു ജലത്തിനായി
ഉറങ്ങുന്ന ഭൂമിയും ഉണരുന്ന
സ്വപ്നവും വെറുമൊരു പാഴ്-
വാക്കുമാത്രമായി എന്നെന്നും

ശേഷിച്ചീടുന്നീ മണ്ണിലെന്നും
ഉറങ്ങാത്ത ഭൂമിയും കരയുന്ന
കുഞ്ഞും എത്ര ശോചനീയമീ-
യവസ്ഥയെന്ന് മന്ദമാരുതനും
സ്വയം വിശേഷിപ്പിക്കവേ.

എങ്കിലും ഉറങ്ങാതെ എന്നും
കാത്തിരിക്കുന്നീ കർഷകനും
ഒരു നാളിൽ സ്വതന്ത്രരാവു
മെന്ന് എൻ ചിത്തം തുടിക്കുയാണെന്ന്.

* * * *



**ASHA MOHANAN**
**X B**

# ഓർമ്മപ്പെയ്ത്ത്

ഒരു വർഷകാലത്തിന്റെ
ഓർമ്മ പെയ്ത്താണ് നീ
തുളസിക്കതിർ ഗന്ധത്തിന്റെ
പ്രണയമുന്മാദമാണ് നീ.

ഓർമ്മ മാഞ്ഞതും
മനം തുടിച്ചതും നിനക്കായ്മാത്രം
സ്നേഹ നിലാവിന്റെ
ഇരുളും വെളിച്ചവും

കാറ്റിലൊന്നായതും  കാത്തിരുന്നതും
കാർമേഘം മാറിയതും നിനക്കായിരുന്നു.
പര്സപരമറിഞ്ഞിട്ടും
അറിയാതെ പോയതായിരുന്നു.

നമ്മളിലെ പിഴവ്,ഗൂഢ ഇടിമിന്നലുകൾ
നമ്മളറിയാതെ വെട്ടി പെയ്തൊഴിഞ്ഞപ്പം
നിന്നിലെ നീയും എന്നിലെ ഞാനും
നമ്മൾ കണ്ട സ്വപ്നങ്ങളിൽ നിന്ന്

വെയിൽ പെയ്തൊഴിയാതെ നിൽക്കുന്നു
നമ്മൾ കൈകോർത്ത നടന്ന തീരാത്ത
സമയയിടങ്ങളിലൊക്കെ
മുൾച്ചെടികൾ നിറഞ്ഞിരിക്കുന്നു.

പ്രണയമേ പ്രാണനെ,
ഒരുക്കണം നമുക്കിനിയും
ഒരു പ്രളയക്കാലമെങ്കിലും.



**NEHA BENNY**
**X A**

# AT THE END OF A GREAT WONDER

The winter days settled down
With the hope of new creation
And I wandered in the images
Which flourished in my mind

I waited and watched the night revealing
And surprised by the arrival of  the dawn
Then I conquered my scattered visions
And spot it to the very pleasant valley

Neither jewels not the glittering stars
That surprised my mind but
The pearl like buds and the
Sweet flowing streams

I looked deep into the landscape
Where many things to watch
And then in compared them
To my own life incidences

And it's an experience wonderful
Comparing nature with life
Which is a vast beautiful landscape
Spread with more joy and glad
And then the vast land

Grave motivations to me
That the life will not end
And it provides lots of chances

Then the shining sun cleared
My confusions how to dedicate
My life to the ever loving
Creations around me

And the strongest trees spread
Shadows to me with their shades
Remembered me about my ever
Lasting supporting parents

Then the sweet singing sparrows
Awakened me from my dreams
Which supported by the slide
Ending beauty of the slide

And then the smooth flowing straight
Guided me to the way straight
Where there was no deviations and
Strong whirl winds of sorrows

Then the glittering stars which appeared
All above the beauty landscape
Encouraged me to become a dew light
Towards all, at every dark

And by the glooming buts along
The valley and the moon up the
Sky- I gained the power
How to declare the truth

By all these the coloured valley
Delighted me all my life
With a satisfaction of new
Hopes and creations...

* * * * * *



# നന്ദി



## ലിറ്റിൽ കൈറ്റ്സ് ടീം

### സെന്റ് തോമസ് ഹൈസ്കൂൾ മരങ്ങാട്ടുപിള്ളി